(ഇ) ജൻറം രണ്ടാം ഘട്ടത്തിൽ 400 (110 എ.സി. + 290 നോൺ എ.സി.) ബസുകൾക്ക് അനുമതി നൽകിയതിൽ ഇതുവരെ 283 ബസുകൾ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 117 (നോൺ എ.സി.) ബസുകൾ കൂടി വാങ്ങി നിരത്തിലിറക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.

281 (2025) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികളുടെ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

കെ. എസ്. ആർ. ടി. സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1	2015 ഏപ്രിൽ മാസം മുതൽ കെ. എസ്. ആർ. ടി. സി.-യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേയ്ക്ക് പ്രതിമാസം കെ. എസ്. ആർ. ടി. സി. നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിച്ചു വരുന്നു. ഇപ്രകാരം 2015 ഏപ്രിൽ മാസം മുതലുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്തുവരികയാണ്. പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് പെൻഷൻ ചെലവിനത്തിൽ 20 കോടി രൂപ ലാഭിക്കാൻ കഴിയുകയുണ്ടായി.
2	കെ. റ്റി. ഡി. എഫ്. സി.-യിൽ നിന്നും ഉയർന്ന പലിശ നിരക്കിലും, കുറഞ്ഞ കാലാവധിയിലും എടുത്തിരുന്ന 1,300 കോടി രൂപയുടെ വായ്പ വിവിധ വാണിജ്യ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് ടി ബാങ്കുകളിലേയ്ക്ക് മാറ്റുകമൂലം പ്രതിമാസം 30 കോടി രൂപയുടെ കുറവ് വായ്പ തിരിച്ചടവിൽ ഉണ്ടായിട്ടുണ്ട്. ഇതുമൂലം പ്രതിവർഷം 32.5 കോടി രൂപ പലിശയിനത്തിലും, ടി വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകാത്തതുമൂലം

LIBRARY ARCHIVES Kerala Legislative Assembly

	പ്രതിവർഷം 9.75 കോടി രൂപ ഗ്യാരന്റി കമ്മീഷൻ ഇനത്തിലും കോർപ്പറേഷന് ലാഭമുണ്ടായിട്ടുണ്ട്. ഇപ്രകാരം വായ്പ പുനഃക്രമീകരണം നടത്തിയതുമൂലം വായ്പാ തിരിച്ചടവിൽ പ്രതിവർഷം 400 കോടി രൂപയുടെ കുറവ് വരുന്നു.
3	കോർപ്പറേഷന്റെ നിലവിലുള്ള ആസ്തികളുടെ മൂല്യം 3674.13 കോടി രൂപയായി പുനർനിർണ്ണയിച്ചു.
4	കോർപ്പറേഷന്റെ കൈവശത്തിലിരിക്കുന്നവെങ്കിലും വേണ്ടത്ര ഉടമസ്ഥാവകാശ രേഖകൾ ഇല്ലാതിരുന്ന വസ്തുക്കൾക്ക് പട്ടയം ലഭ്യമാക്കി വരുന്നു.
5	വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിവരുന്നു.
6	പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിന് യാത്രക്കാർക്ക് അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്കുവേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത ചെയ്യുന്ന യാത്രികരിൽനിന്നും നിശ്ചിത സ്ലാബ് നിരക്കിൽ സാമൂഹ്യസുരക്ഷ സെസ്സ് ഇനത്തിൽ തുക 2015 ഏപ്രിൽ 1 മുതൽ ഈടാക്കുന്നതിന് അനുമതി നൽകി വിജ്ഞാപനം പിറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ സെസ്സ് ഇനത്തിൽ തുക ഈടാക്കുന്നത് വഴി പ്രതിമാസം കെ. എസ്. ആർ. ടി. സി.-ക്ക് 6 കോടിയിൽപരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്.
7	2008-09 മുതൽ 2013-14 വരെ സർക്കാർ കെ. എസ്. ആർ. ടി. സി.-ക്ക് അനുവദിച്ച് നൽകിയ ആകെ വായ്പാ തുകയായ 1090.75 കോടി രൂപ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.-യിൽ കമ്പ്യൂട്ടർ സെക്ഷൻ

282 (2026) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കമ്പ്യൂട്ടർ സെക്ഷനിലേയ്ക്ക് സർവ്വീസിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും അവസാനമായി അപേക്ഷ ക്ഷണിച്ചതെന്നായിരുന്നു; നിശ്ചയിച്ച യോഗ്യത എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly